CORPORATION OF THRISSUR



# e-News letter
Vol: 5, October 2017

## ഹരിതകേരളം – ബയോബിൻ വിതരണോദ്ഘാടനം മേയർ അജിത ജയരാജൻ നിർവ്വഹിച്ചു




07/06/2017

തൃശൂർ കോർപ്പറേഷൻ 2016–17 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉറവിടമാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുകയാണ്. വിവിധ തരത്തിലുള്ള മാലിന്യസംസ്ക്കരണ പദ്ധതികൾക്ക് ആരംഭം കുറിച്ചുകൊണ്ട് കേരള സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഹരിതകേരള മിഷനിലൂടെ നമ്മുടെ മണ്ണും ജലവും വായുവും മാലിന്യ വിമുക്തമാക്കാനുള്ള ശ്രമങ്ങളാണ് തൃശൂർ കോർപ്പറേഷൻ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി കോർപ്പറേഷന്റെ 2016–17 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയ ബയോബിൻ വീടുകളിലേയ്ക്ക് വിതരണം ചെയ്യുന്നതിന്റെ ആദ്യഘട്ട വിതരണോദ്ഘാടനം ഇന്ന് പുളിപ്പറമ്പ് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് തൃശൂർ കോർപ്പറേഷൻ മേയർ അജിത ജയരാജൻ നിർവ്വഹിച്ചു. നഗരാസൂത്രണകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എം.ആർ. റോസിലി ആധ്യക്ഷം വഹിച്ച യോഗത്തിൽ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എം.എൽ. റോസി സ്വാഗതം പറഞ്ഞു. കൗൺസിലർമാരായ അനൂപ് കരിപ്പാൽ, അനൂപ് ഡേവീസ് കാട, ശാന്ത അപ്പു, പ്രേമകുമാരൻ, എം.എൻ. ശശിധരൻ, ലാംപ്സ് കോ–ഓർഡിനേറ്റർ ഡോ. ഗിരിജ, കോർപ്പറേഷൻ സെക്രട്ടറി ഇൻ–ചാർജ്ജ് സി. ശോഭ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ഹെൽത്ത് സൂപ്പർവൈസർ എൻ. രാജൻ യോഗത്തിന് നന്ദി പറഞ്ഞു. ചടങ്ങിൽവെച്ച് 211 ബയോബിൻ വിതരണം ചെയ്തു.

## വൺ മില്യൻ ഗോൾ ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം മേയർ അജിത ജയരാജൻ നിൽവ്വഹിക്കും

26/09/2017

ഫിഫ അണ്ടർ 17 വേൾഡ് കപ്പിനെ ഗോൾ മഴപെയ്യിച്ച് വരവേൽക്കുന്നതിന്റെ ഭാഗമായുള്ള **വൺ മില്യൻ ഗോൾ** ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം തൃശൂർ തേക്കിൻകാട് മൈതാനത്ത് തെക്കേ ഗോപുരനടയിൽ നാളെ ഉച്ചകഴിഞ്ഞ് 3 മണിക്ക് മേയർ അജിത ജയരാജൻ ഗോൾ അടിച്ചുകൊണ്ട് നിൽവ്വഹിക്കുന്നതാണ്. കോർപ്പറേഷൻതല ക്യാമ്പയിൻ കോർപ്പറേഷൻ പരിസരത്തും ശക്തൻ നഗറിലും നടക്കും. നാളെ ഉച്ചകഴിഞ്ഞ് 3 മണിമുതൽ വൈകീട്ട് 7 മണി വരെ നടക്കുന്ന പരിപാടിയിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, കൗൺസിലർമാർ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ–സാമൂഹിക–സാംസ്ക്കാ രിക പ്രവർത്തകർ, പൊതുജനങ്ങൾ എന്നിവർ ഗോൾ അടിച്ചുകൊണ്ട് ഫിഫ അണ്ടർ 17 വേൾഡ് കപ്പിന്റെ ഭാഗമാകണമെന്ന് മേയർ അറിയിച്ചു

## സീറോ വേയ്സ്റ്റ് നഗരം– അജൈവമാലിന്യ സംഭരണ ബാഗ് വിതരണോദ്ഘാടനം

## നിർവ്വഹിച്ചു



22/06/2017

തൃശൂർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വീടുകളിലേയ്ക്ക് അജൈവമാലിന്യ സംഭരണ ബാഗ് വിതരണം ചെയ്യുന്നതിന്റെ ഉദ്ഘാടനം മേയർ അജിത ജയരാജൻ നിർവ്വഹിച്ചു.

വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണം, ഉറവിട മാലിന്യ സംസ്ക്കരണം, അജൈവമാലിന്യത്തിന്റെ പുനരുപയോഗം എന്നിവ പൂർണ്ണരീതിയിൽ നടപ്പിലാക്കുന്നതോടെ '**സീറോ വേയ്സ്റ്റ് നഗരം**' ലക്ഷ്യമാക്കുന്നതിന്റെ ഭാഗമായി വീടുകളിലെ അജൈവമാലിന്യം (പ്ലാസ്റ്റിക്, പേപ്പർ, കുപ്പി, ഇ–വേയ്സ്റ്റ്, മുതലായവ) സംഭരിച്ചു വെയ്ക്കുന്നതിന് ഓരോ വീടുകളിലേയ്ക്കും രണ്ട് സംഭരണ ബാഗുകൾ വിതരണം ചെയ്യാനാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

വിയ്യൂരിലെ വൈറ്റ് ഫീൽഡ് റസിഡൻസ് അസോസിയേഷൻ പരിസരത്ത് ചേർന്ന യോഗത്തിൽ ഡെപ്യൂട്ടി മേയർ വർഗ്ഗീസ് കണ്ടംകുളത്തി അധ്യക്ഷത വഹിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാരായ എം.എൽ. റോസി, എം.ആർ. റോസിലി കൗൺസിലർമാരായ കെ.വി. ബൈജു, പ്രേമകുമാരൻ, ജോൺ ഡാനിയേൽ, എം.എൻ. ശശിധരൻ, മാലിന്യ സംസ്ക്കരണ കമ്മിറ്റി ചെയർമാൻ പി.എ. തോമസ് മാസ്റ്റർ, വൈറ്റ് ഫീൽഡ് റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹി കളായ എ.എസ്. ശേഷൻ, ഐ. കണ്ണൻ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ഹെൽത്ത് സൂപ്പർവൈസർ എൻ. രാജൻ യോഗത്തിന് നന്ദി പറഞ്ഞു.

**മഴക്കാല രോഗപ്രതിരോധ പ്രവർത്തനം**

**ജില്ലാതല ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി**



27/06/2017

സംസ്ഥാനത്ത് വ്യാപിക്കുന്ന പകർച്ചപ്പനി നിയന്ത്രണ വിധേയ മാക്കുന്നതിനും പനി മരണങ്ങൾ തടയുന്നതിനുമായി ജൂൺ 27, 28, 29 തിയ്യതികളിൽ തുടർച്ചയായി സംസ്ഥാനമൊട്ടാകെ നടത്തുന്ന സംഘടിത മായ ശുചീകരണ പ്രവർത്തനങ്ങളുടെ ജില്ലാതല ഉദ്ഘാടനം ശക്തൻ നഗർ മാർക്കറ്റിൽ

വെച്ച് മാലിന്യം നീക്കം ചെയ്ത് വ്യവസായവകുപ്പ് മന്ത്രി എ.സി. മൊയ്തീൻ നിർവ്വഹിച്ചു. മേയർ അജിത ജയരാജന്റെ നേതൃത്വ ത്തിൽ നടത്തിയ ശുചീകരണ പ്രവർത്തനങ്ങളിൽ ഡെപ്യൂട്ടി മേയർ വർഗ്ഗീസ് കണ്ടംകുളത്തി, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എം.എൽ. റോസി, നികുതി–അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സുകുമാരൻ, കൗൺസിലർമാരായ അനൂപ് ഡേവീസ് കാട, പ്രേമകുമാരൻ, സതീഷ് ചന്ദ്രൻ, എ.ഡി.എം. അനന്തകൃഷ്ണൻ, ഹെൽത്ത് ഇൻസ്പെക്ടർ ഇൻ–ചാർജ്ജ് കെ.വി. ഗോപാലകൃഷ്ണൻ, ഹെൽത്ത് ഇൻസ്പെക്ടർമാർ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

**ഹരിതകേരളം സമഗ്രശുചിത്വ പദ്ധതി – കോർപ്പറേഷൻ പരിശീലന പരിപാടി**

**കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ വർഗ്ഗീസ് കണ്ടംകുളത്തി ഉദ്ഘാടനം ചെയ്തു**



02/08/2017

ഹരിതകേരളം സമഗ്രശുചിത്വ പദ്ധതിയുടെ ഭാഗമായി ആഗസ്റ്റ് 15–ന് “മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം” പ്രഖ്യാപനത്തോടനുബന്ധിച്ച് ഗൃഹസന്ദർശനം, സർവ്വേ എന്നിവയുടെ തൃശൂർ കോർപ്പറേഷൻ പരിശീലന പരിപാടി അരണാട്ടുകര ടാഗോർ സെന്റിനറി ഹാളിൽവെച്ച് തൃശൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ വർഗ്ഗീസ് കണ്ടംകുളത്തി ഉദ്ഘാടനം ചെയ്തു. ആരോഗ്യകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ എം.എൽ. റോസി അധ്യക്ഷത വഹിച്ച പരിപാടിയിൽ ആരോഗ്യകാര്യ സ്ഥിരംസമിതി അംഗം സതീഷ് ചന്ദ്രൻ സ്വാഗതം പറഞ്ഞു. ഹെൽത്ത് സൂപ്പർവൈസർ എൻ.രാജൻ റിപ്പോർട്ട് അവതരിപ്പിച്ചു. ശുചിത്വമിഷൻ സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺസ് വി.എസ്. ഉണ്ണിക്കൃഷ്ണൻ, എ. രാജേഷ്, ശുചിത്വമിഷൻ അസിസ്റ്റന്റ് കോ–ഓർഡിനേറ്റർ അമൽ.സി.ജെ. എന്നിവർ ക്ലാസ് നയിച്ചു. 800–ഓളം കുടുംബശ്രീ പ്രവർത്തകർ, ജാഗ്രതാ സമിതി കൺവീനർമാർ, കോർപ്പറേഷൻതല ശുചിത്വ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ, കൗൺസിലർ മാർ എന്നിവർ പങ്കെടുത്തു. വിവിധ ഉറവിടമാലിന്യ സംസ്ക്കരണ സംവിധാനങ്ങളുടെ പ്രദർശനവും ഉണ്ടായിരുന്നു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പി.എ. വിനോദ് നന്ദി പറഞ്ഞു. ആഗസ്റ്റ് 6 മുതൽ 13 വരെ യുള്ള ദിവസങ്ങളിൽ കുടുംബശ്രീ–അംഗൻവാടി–ആശാ പ്രവർത്തകർ, നാഷണൽ സർവ്വീസ് സ്ക്കീം വളന്റിയേഴ്സ്, സന്നദ്ധ പ്രവർത്തകർ എന്നിവർ വീടുകൾ സന്ദർശനം നടത്തി ഓരോ വീടിന്റെ വിവരശേഖരണം നടത്തുകയും യോജിച്ച ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ പരിചയപ്പെടുത്തുകയും ചെയ്യും. എല്ലാവരും ഇതുമായി സഹകരിക്കണമെന്ന് മേയർ അറിയിച്ചു.

**<u>വഞ്ചിക്കുളം ടൂറിസം വികസനത്തിന് 20 കോടിയുടെ ആദ്യഘട്ട പദ്ധതി</u>**



04/08/2017

തൃശൂർ കോർപ്പറേഷൻ – വഞ്ചിക്കുളം ജലഗതാഗത–ടൂറിസം വികസനത്തിന് 20 കോടിയുടെ ആദ്യഘട്ട പദ്ധതിയെ സംബന്ധിച്ച് മേയറുടെ ചേമ്പറിൽ പവർ പോയിന്റ് പ്രസന്റേഷനും പദ്ധതി വിശദീകര ണവും നടത്തി. കോർപ്പറേഷനും ടൂറിസം വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതി വഞ്ചിക്കുളത്തുനിന്നും വടൂക്കര പാലം വരെയുള്ള 2.50 കിലോമീറ്ററോളം നലവിലുള്ള കനാൽ സർവ്വേ നടത്തി ആഴവും വീതിയും കൂട്ടി ഇരുഭാഗത്തും ഭിത്തികെട്ടി സംരക്ഷിച്ച് ബോട്ടിംഗ് സൗകര്യം ഒരുക്കാനാണ് പദ്ധതി. കനാലിന്റെ ഒരു ഭാഗത്ത് നടപ്പാതയും സൈക്കിൾ ട്രാക്കും നിർമ്മിക്കും. വഞ്ചിക്കുളത്തിനു സമീപം പാർക്കിംഗ്, കഫ്റ്റീരിയ, കംഫർട്ട് സ്റ്റേഷൻ, വിശ്രമകേന്ദ്ര സംവിധാനങ്ങളും ഒരുക്കും.

കോർപ്പറേഷനുവേണ്ടി പദ്ധതി തയ്യാറാക്കിയ ആർക്കിടെക്ട് എം.എം. വിനോദ്കുമാർ പദ്ധതി വിശദീകരണം നടത്തി. മേയർ അജിത ജയരാജൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡെപ്യൂട്ടി മേയർ വർഗ്ഗീസ് കണ്ടംകുളത്തി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി. സുകുമാരൻ, പ്രതിപക്ഷ നേതാവ് അഡ്വ. എം.കെ. മുകുന്ദൻ, കൗൺസിലർമാരായ അനൂപ് ഡേവീസ് കാട, പി. കൃഷ്ണൻകുട്ടി മാസ്റ്റർ, ഫ്രാൻസീസ് ചാലിശ്ശേരി, എ. പ്രസാദ്, കോർപ്പറേഷൻ സെക്രട്ടറി, കോർപ്പറേഷൻ എൻജിനീയർമാർ, കെ.എൽ.ഡി.ഡി., ഡി.ടി.പി.സി. ഉദ്യോഗസ്ഥർ, നഗരസഭാ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. പദ്ധതി നടപ്പാക്കാൻ 100 കോടി രൂപ വാഗ്ദാനം നൽകിയ കേരള സർക്കാരിനെ യോഗത്തിൽ പ്രത്യേകമായി അനുമോദിച്ചു. നഗരത്തിലെ പുതിയ ഒരു ഓപ്പൺ സ്പെയ്സ് എന്ന രീതിയിൽ കേരളത്തിന് തന്നെ മാതൃകയാക്കി വഞ്ചിക്കുളം വികസന പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിക്കുമെന്ന് മേയർ അറിയിച്ചു.

**ജനകീയാസൂത്രണ പദ്ധതി – വയോജനവിശ്രമ കേന്ദ്രം ഉദ്ഘാടനം മേയർ അജിത ജയരാജൻ നിർവ്വഹിച്ചു**



19/10/2017

തൃശൂർ കോർപ്പറേഷൻ എൽതുരുത്ത് ഡിവിഷനിൽ ജനകീയാസൂത്രണ പദ്ധതി 2016–17 വർഷത്തിൽ ഉൾപ്പെടുത്തി ഏകദേശം 10 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ച വയോജനവിശ്രമ കേന്ദ്രം കോർപ്പറേഷൻ മേയർ അജിത ജയരാജൻ ഉദ്ഘാടനം ചെയ്തു. ഡിവിഷൻ കൗൺസിലർ അനൂപ് ഡേവീസ് കാട അധ്യക്ഷത വഹിച്ച ചടങ്ങിൽ വയോമിത്രം പദ്ധതിയിൽ മികച്ച സേവനം കാഴ്ചവെയ്ക്കുന്ന ഡോ. കെ.എൻ. സത്യനാഥൻ, ഡോ. എസ്. സുബ്രഹ്മണ്യൻ എന്നിവരെ ആദരിച്ചു. ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങൾക്ക് പകൽസമയം ഒത്തുചേരുന്നതിന് ഇരിടം എന്ന ഉദ്ദേശത്തോടുകൂടി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് ഇത്. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ  അജിത വിജയൻ, ഫ്രാൻസിസ് ചാലിശ്ശേരി, എം.എൽ. റോസി, പ്രതിപക്ഷ നേതാവ് അഡ്വ. എം.കെ. മുകുന്ദൻ, ആനി ഫ്രാൻസീസ്, സജീവ്.കെ.പി., സി.പി. ജോസ്, ജെസി അശോകൻ, പി.വി. സലീം, പി. ഹരിദാസ് എന്നിവർ സംസാരിച്ചു.